# തൂലിക





## ജി വി എച്ച് എസ് എസ്

## ചുനക്കര

### ഡിജിറ്റൽ മാഗസിൻ

# ആമുഖം

കലയും കാര്യവും ഒത്തിണങ്ങുമ്പോഴാണ് ജീവിതം സമ്പൂർണമാകുന്നത് ആ തിരിച്ചറിവിന്റെ സാഫല്യമാണ് ഈ സൃഷ്ടി.നാമെടുത്തു വരുന്ന നവമുകുളങ്ങളുടെ മന്ദസ്മിതങ്ങളത്രെ ഈ ദളങ്ങളിലോരോന്നിലും ദൃശ്യമാവുക.ബാല്യ കൗമാരങ്ങളുടെ ഹൃദയത്തുടിപ്പും, വിതുമ്പലും, ചിരിച്ചിന്തുകളുടെ നൂപുരധ്വനികളും അലയടിച്ചുയരുന്ന കലാസൃഷ്ടി.നിറഞ്ഞ മനസ്സോടെ തികഞ്ഞ സംതൃപ്തിയോടെ സഹൃദയ മനസ്സുകൾക്കു മുമ്പാകെ അറിവിന്റെ,ആനന്ദത്തിന്റെ, നറുങ്ങുകൾ ഇഴചേർത്ത ഈ സംരംഭത്തെ ചുനക്കര ഗവ.വി.എച്ച്.എസ്.എസ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് സവിനയം സമർപ്പിക്കുന്നു.

# സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിന് വേണ്ടി നൂതന പ്രവർത്തനങ്ങൾ നമ്മുടെ ഗവൺമെൻറ് വിദ്യാലയങ്ങളിൽ നടപ്പിലാക്കിവരുന്നു. അതിൽ എടുത്തു പറയാവുന്ന ഒരു പ്രവർത്തനമാണ് ലിറ്റിൽ കൈറ്റ്സ്.വിദ്യാലയത്തെ ഹൈടെക് ആക്കാൻ സാധ്യമാക്കുന്ന ഒരു മികച്ച പ്രവർത്തനം-വായനക്ക് ശോഷണം സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയോടുള്ള താൽപര്യം ഉണ്ടാക്കിയെടുക്കാൻ സഹായകരമാണെന്ന കാര്യത്തിൽ സംശയമില്ല. കാലത്തിനനുസൃതമായി നമ്മുടെ വായനാ സംസ്കാരം മാറ്റിയെടുക്കാൻ സാധ്യമായ രീതിയിലുള്ള ഈ പ്രവർത്തനത്തെ എത്ര പ്രശംസിച്ചാലും മതിയാവില്ല. ഇ-മാഗസിൻ പ്രവർത്തനങ്ങളിലേക്ക് വിദ്യാർഥികളെ നയിച്ച് അധ്യാപകരെയും അവരുടെ സേവനങ്ങളെയും ഈ അവസരത്തിൽ സ്മരിക്കുന്നു. കണ്ടുപരിചയിച്ച വായന രീതികളിൽ നിന്ന് വിഭിന്നമായി വായനയുടെ പുതുലോകം തീർക്കാൻ ഈ ഉദ്യമത്തിന് കഴിയട്ടെ...

ഹെഡ്മിസ്ട്രസ്

ശ്രീമതി. അനിതാ ഡൊമിനിക്



# ആശംസകൾ

നമ്മുടെ വിദ്യാലയം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളും മാതൃകാപരമായ പ്രവർത്തനങ്ങളും കുട്ടികളുടെ സർഗാത്മകകഴിവുകളും വിവരവിനിമയ സാങ്കേതിക വിദ്യയിലുള്ള ഇടപെടലുകളും ഉൾക്കൊള്ളിച്ച് പുറത്തിറക്കുന്ന ലിറ്റിൽ കൈറ്റ്സ് സ്കൂൾ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.



വിജയലക്ഷ്മി എം

(HS പ്രിൻസിപ്പൽ)



അന്നമ്മ ജോർജ്ജ്

(VHSE പ്രിൻസിപ്പൽ)



മനോജ് കമ്പനിവിള

(പി ടി എ പ്രസിഡൻറ്)

# ചുനക്കരയുടെ ചരിത്രം

## എന്റെ വിദ്യാലയത്തിന്റെയും



ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ ഒരു ഗ്രാമമാണ് ചുനക്കര. ഈ ഗ്രാമത്തിലെ കിഴക്കേ അറ്റത്തായി തിലകക്കരി എന്നോണം സ്ഥിതിചെയ്യുന്ന പൊതു വിദ്യാലയമാണ് ചുനക്കര ഗവൺമെൻറ് വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂൾ .കാർഷിക സാംസ്കാരിക നവോത്ഥാനത്തിന് ചാലകശക്തിയായി കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ സ്കൂൾ സ്തുത്യർഹമായ സേവനം നൽകി പോരുന്നു.ചുനക്കര എന്ന ഉൾനാടൻ ഗ്രാമത്തിൽ ഒരു സ്കൂൾ സ്വപ്നം കാണാൻ കൂടി കഴിയാതിരുന്ന കാലത്ത് ഉൽപതിഷ്ണുക്കളും ദീർഘദർശികളും ആയിരുന്ന ഒരുപറ്റം നാട്ടുകാരുടെ അക്ഷീണ പരിശ്രമത്തിലൂടെയാണ് ചുനക്കര ഹൈസ്കൂൾ യാഥാർഥ്യമായത് .ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് നിഷ്കർഷിക്കപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ചുനക്കരയിൽ ലഭ്യമല്ലായിരുന്ന അവസരത്തിൽ ചുനക്കര കിഴക്കേ മുറിയിലെ 106 ാം നമ്പർ എൻഎസ്എസ് കരയോഗം തങ്ങളുടെ കൈവശമുണ്ടായിരുന്ന 6 ഏക്കർ ഭൂമിയും ആ ആ സ്ഥലത്തുണ്ടായിരുന്ന നെയ്ത്തുശാല കെട്ടിടവും സ്കൂൾ സ്ഥാപിക്കുന്നതിനായി വിട്ടു

കൊടുക്കാൻ തയ്യാറായി .ഇല്ലത്ത് നാരായണൻ ഉണ്ണിത്താൻ എൻ.എസ്.എസ് കരയോഗം പ്രസിഡന്റ് ആയ സമിതിയാണ് ഈ തീരുമാനമെടുത്തത് .തുടർന്ന് നിയമസഭാംഗമായിരുന്ന കൊച്ചിക്കൽ ബാലകൃഷ്ണൻ തമ്പിയുടെ സഹായത്തോടെ സർക്കാരിനെ തീരുമാനം അറിയിക്കുകയും അങ്ങനെ ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു . 1950 ൽ സ്കൂളിൻറെ പ്രവർത്തനം ആരംഭിച്ചു. ഘട്ടംഘട്ടമായി മൂന്നുവർഷംകൊണ്ട് ഹൈസ്കൂൾ പൂർണ്ണ നിലയിൽ തുടങ്ങി.ഈ കാലയളവിൽ നാട്ടുകാർ മുൻകൈയെടുത്ത് മറ്റൊരു കെട്ടിടം കൂടി പണിതു നൽകി.

സ്കൂളിലെ ആദ്യ ഹെഡ്മാസ്റ്റർ വെണ്മണി കൃഷ്ണവാര്യർ സാർ ആയിരുന്നു. കാലക്രമേണ കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ കൂടുതൽ ഡിവിഷനു കളും അനുവദിച്ചു അതിനനുസരിച്ച് സൗകര്യങ്ങൾ വർധിപ്പിച്ചു.കുട്ടികളുടെ എണ്ണം വർദ്ധിച്ചതോടെ കൂടുതൽ ഡിവിഷനുകളും വർദ്ധിച്ചു. 1958 ൽഅധ്യാപകർക്കായി ഒരു ക്വാർട്ടേഴ്സ് നിർമ്മിച്ചു. 1975 സ്കൂളിൻറെ രജത ജൂബിലിയോടനുബന്ധിച്ച് ഒരു തുറന്ന വേദി നിർമിച്ചു. നല്ലവരായ നാട്ടുകാരുടെയും വിവിധ സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും ഏകോപിതമായ പ്രവർത്തനങ്ങളിലൂടെയും കെട്ടിടങ്ങൾ അടക്കമുള്ള ഭൗതികസാഹചര്യം പടിപടിയായി ഒരുക്കുവാൻ സാധിച്ചു .ഫണ്ട് സ്വരൂപിക്കുന്നതിനായി തങ്ങളുടെ പ്രശസ്തമായ കടന്നൽക്കൂട് എന്ന നാടകം സൗജന്യമായി അവതരിപ്പിക്കുവാൻ സന്മനസ്സ് കാട്ടിയ കൊല്ലം കാളിദാസ കലാകേന്ദ്രത്തോടുള്ള കടപ്പാട് വിസ്മരിക്കാൻ കഴിയുന്നതല്ല.

1974 നാട്ടുകാരുടെയും അധ്യാപകൻ അധ്യാപകരുടെയും അഭ്യുദയകാംക്ഷികളുടെയും അക്ഷീണ പ്രയത്നത്താൽ ശ്രമദാനത്തിലൂടെ ഉണ്ടാക്കിയെടുത്ത സ്കൂൾ മൈതാനം ജില്ലയിലെ സ്കൂളുകൾക്ക് മാതൃകയാണ് .1997 ൽഎസ് രാമചന്ദ്രൻപിള്ള എംപിയുടെ വികസന ഫണ്ടിൽ നിന്നും


ചുറ്റുമതിൽ ഉണ്ടാക്കി .2011 ആർ രാജേഷ് എംഎൽഎ യുടെ വികസന ഫണ്ടിൽ നിന്നും അനുവദിച്ച പണം ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങി യത് കുട്ടികൾക്ക് ഏറെ അനുഗ്രഹമായി .1995 ൽ ബാങ്കിംഗ് അസിസ്റ്റൻറ് കൺസ്ട്രക്ഷൻ കോഴ്സുകളുടെ വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗം ആരംഭിച്ചു .1997 ഡേറ്റാ എൻട്രി കമ്പ്യൂട്ടർ സയൻസ് കോഴ്സ് അനുവദിച്ചു .സയൻസ് വിഭാഗങ്ങൾ രണ്ടു ബാച്ചും ഒരു കൊമേഴ്സ് വാച്ചുമായി രണ്ടായിരത്തിൽ പ്ലസ് ടു ആരംഭിച്ചു .യുപി, ഹൈസ്കൂൾ ,വിഎച്ച്എസ് ഇ വിഭാഗങ്ങളിലായി 5 മുതൽ 12 വരെ ക്ലാസ്സുകളിൽ ഇപ്പോൾ ആയിരത്തി മുന്നൂറോളം കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ട് 75.ഓളം അധ്യാപകരും 6 അനദ്ധ്യാപകരും ഇവിടെ പ്രവർത്തിച്ചു വരുന്നു.ഹൈസ്കൂൾ വിഎച്ച്എസ്ഇ പ്ലസ് ടു എന്നീ മൂന്ന് വിഭാഗങ്ങൾ പ്രവർത്തി ക്കുന്ന അപൂർവവിദ്യാലയങ്ങളി ലൊന്നാണ് ചുനക്കര ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ.ചുനക്കരയിലെ രാഷ്ട്രീയ സാമൂഹിക വളർച്ചയ്ക്ക് നിസ്തുല സംഭാവന നൽകിയ ധാരാളം മഹദ് വ്യക്തികളുടെ മാതൃവിദ്യാലയം ആണിത് .പുരോഗമന കലാസാഹിത്യ പ്രസ്ഥാനത്തിൻറെ നെടുംതൂണും, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പ്രൊഫസർ പ്രയാർ പ്രഭാകരൻ, അധ്യാപകൻ, വാഗ്മി ,സാംസ്കാരിക പ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനായ ചുനക്കര ജനാർദ്ദനൻ, ചുനക്കരയെ സിനിമാ ലോകത്തിന് പരിചയപ്പെടുത്തിയ പ്രശസ്ത സിനിമാ ഗാനരചയിതാവും കവിയുമായ ചുനക്കര രാമൻകുട്ടി എന്നിവർ ചുനക്കരയെ നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽ ഉയർത്തിപ്പിടിച്ചവരാണ്. അധ്യാപകനും, ഗ്രന്ഥകാരനും കോഴിക്കോട് സർവ്വകലാശാലയുടെ പ്രോ വൈസ് ചാൻസലറും ,യു ജി സിയുടെ കീഴിലുള്ള നാഷണൽ അസിസ്റ്റൻറ് അക്രഡിറ്റേഷൻ കൗൺസിലിൻറെ (NAAC) ചെയർമാനുമായിരുന്നു സി ഗോപിനാഥൻപിള്ള, തിരുവനന്തപുരം ആർസിസി യിലെ പബ്ലിക്

റിലേഷൻസ് വിഭാഗം മേധാവിയായിരുന്ന സുരേന്ദ്രൻ ചുനക്കര ,മലയാള സാഹിത്യകാരനും പ്രസംഗകനുമായ ജയപ്രസാദ് ,ചരിത്രകാരനും സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിലെ അംഗവുമായ ഡോക്ടർ വേണുഗോപൻ, ഇന്ത്യൻ ലോ ഇൻസ്റ്റിട്ട് ന്യൂഡൽഹി ഡയറക്ടറും നാഷണൽ ജുഡീഷ്യൽ അക്കാദമി ഡയറക്ടർ ഗ്രന്ഥകാരനും കൂടിയായ ഡോക്ടർ കെ എം ചന്ദ്രശേഖരൻ പിള്ള ,വിദ്യാഭ്യാസ പ്രവർത്തകൻ ,മെഡിക്കൽ എൻസൈക്ലോപീഡിയ ,ചിൽഡ്രൻസ് എൻസൈക്ലോപീഡിയ എന്നിവയുടെ പിന്നിൽ പ്രവർത്തിച്ച എഴുത്തുകാരൻ ,ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റൻറ് ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ചുനക്കര ഗോപാലകൃഷ്ണൻ ,പ്രസിദ്ധ നാടൻപാട്ട് കലാകാരൻ സത്യൻ കോമല്ലൂർ ,മാവേലിക്കര എം എൽ എ- എം എസ് അരുൺകുമാർ എന്നിവർ ഈ സരസ്വതി ക്ഷേത്രത്തിൽ നിന്നും വിദ്യാഭ്യാസം നേടിയവരാണ് .തുടക്കത്തിൽ 40 ശതമാനം മാത്രം വിജയം കൈവരിച്ച വന്ന സ്കൂൾ പടിപടിയായി അർപ്പണ മനോഭാവമുള്ള ഒരു അധ്യാപകരുടെയും ജനപ്രതിനിധികളുടെയും പിടിഎയും കൂട്ടായ പ്രവർത്തനത്തിലൂടെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി 100 ശതമാനം വിജയം കൈവരിച്ചു വരുന്നു അക്കാദമികേതര പ്രവർത്തനങ്ങളിൽ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി ആലപ്പുഴ ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായി പ്രവർത്തിച്ചുവരുന്ന ഈ സ്കൂളിന് ഈ മേഖലകളിൽ ധാരാളം അംഗീകാരങ്ങളും പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട് .വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ എൻഎസ്എസിന് ഇന്ത്യൻ രാഷ്ട്രപതിയിൽനിന്ന് ദേശീയ അവാർഡും ലഭിച്ചു .കാലത്തിൻറെ തിരുനെറ്റിയിൽ ചരിത്രം അടയാളപ്പെടുത്തിയ വിദ്യാലയമാണ് ചുനക്കര ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ.

# തിരികെ വിദ്യാലയത്തിലേക്ക്-പ്രവേശനോത്സവം

ചുനക്കര ഗവ. വി എച്ച് എസ് എസ് ലെ സ്കൂൾതല പ്രശവേശനോത്സവം ജൂൺ 1 ന് ബഹുമാനപ്പെട്ട MLA ശ്രീ എം എസ് അരുൺ കുമാർ ഉദ്ഘാടനം ചെയ്തു.കോവിഡ് മൂലം അടഞ്ഞുകിടന്ന സംസ്ഥാനത്തെ സ്കൂളുകൾ രണ്ട് വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷമാണ് തുറക്കുന്നത്. വീടുകളിലിരുന്ന്

ഓൺലൈൻ ക്ലാസുകളിൽ പങ്കെടുത്തിരുന്ന കുട്ടികൾക്ക് ഇനി കൂട്ടുകാരും പാഠപുസ്തകങ്ങളുമായി നേരിട്ട് ചങ്ങാത്തം കൂടാം. കരഞ്ഞും ചിരിച്ചും, ആടിയും പാടിയും സമ്മിശ്രവികാരങ്ങളോടെയാണ് കുരുന്നുകൾ സ്കൂളുകളിലേക്കെത്തിയത്. പ്രഥമാധ്യാപിക, പി ടി എ പ്രസിഡൻറ്, എം പി ടി എ പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, സ്റ്റാഫ് സെക്രട്ടറി മുതലായർ ചടങ്ങിൽ പങ്കെടുത്തു.




# ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കിയ ജില്ലയിലെ ആദ്യത്തെ സ്കൂൾ

ലിംഗസമത്വത്തിന്റെ ഭാഗമായി ചുനക്കര ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ സ്കൂളിലെ എല്ലാ പെൺകുട്ടികളും പാന്റ്സിലേക്കും ഷർട്ടിലേക്കും മാറി. ജെൻഡർ ന്യൂട്രൽ യൂണിഫോം നടപ്പാക്കിയ ജില്ലയിലെ ആദ്യത്തെ സ്കൂൾ ആണ് ചുനക്കര ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ.

അടുത്ത അധ്യയന വർഷം മുതൽ ആണ് ജില്ലയിൽ ലിംഗ സമത്വ പദ്ധതി നടപ്പിലാക്കാൻ ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിരുന്നത്. രക്ഷകർത്താക്കളുടെ യോഗം ചേർന്ന് ഈ വർഷം തന്നെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയായിരുന്നു. 450 ൽ അധികം കുട്ടികൾ പഠിക്കുന്ന ഗ്രാമപ്രദേശത്തെ സ്കൂൾ ആണ് ചുനക്കര ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂൾ.



# പരിസ്ഥിതി ദിനാചരണം

ജൂൺ 5 അവധിദിനമായിരുന്നതിനാൽ ജൂൺ ആറിന്, പരിസ്ഥിതി ദിനാചരണത്തിൻറെ ഭാഗമായി സ്കൂൾ പരിസരത്ത് വൃക്ഷത്തൈകൾ നട്ടു. അതോടൊപ്പം കുഞ്ഞുങ്ങൾക്ക് ഇത് പരിപാലിക്കുന്നതിവാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.ദിനാചരണത്തിൻറെ ഭാഗമായി ക്വിസ്, പ്രസംഗം,ഉപന്യാസം,പോസ്റ്റർ മത്സരങ്ങൾ സംഘടിപ്പിച്ചു.









# വായന ദിനാഘോഷം

ജൂൺ 19-വായന ദിനത്തോടനുബന്ധിച്ച് പ്രശസ്ത എഴുത്തുകാരനും, അധ്യാപകനുമായ ബഹു. ശ്രീ ചുനക്കര ജനാർദ്ദനൻ നായർ സാർ,അധ്യാപക പരിശീലകനും, വാഗ്മിയുമായ ബഹു. ശ്രീ അനിൽ പ്രസാദ് സാർ എന്നിവർ വായന ദിന ഉദ്ഘാടനം നിർവഹിച്ച് കുട്ടികളോട് സംവദിച്ചു. ശ്രീ അനിൽ പ്രസാദ് സാർ കുട്ടികളുമായി പങ്കുവെച്ച നാടൻ പാട്ടുകൾ കുട്ടികൾക്ക് വേറിട്ട അനുഭവമായി മാറി.





# അന്താരാഷ്ട്ര യോഗാദിനം

ജൂൺ 21-അന്താരാഷ്ട്ര യോഗാ ദിനം ചുനക്കര ഗവ. വി എച്ച് എസ് എസ് ലെ കുട്ടികൾ സമുചിതമായി ആഘോഷിച്ചു.'മനുഷ്യത്വത്തിന് വേണ്ടി യോഗ' എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് 2022 ലെ അന്താരാഷ്ട്ര യോഗാ ദിനാചരണം സംഘടിപ്പിക്കുന്നത്.









# ലഹരി വിരുദ്ധ ദിനം

ജൂൺ 26 ലഹരി വിരുദ്ധ ദിനത്തിൽ സൈക്കോ സോഷ്യൽ കൗൺസിലിംഗിന്റെ ഭാഗമായി എക്സൈസ് പ്രിവന്റീവ് ഓഫീസർ ശ്രീ സജി കുമാർ സാർ ലഹരി വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ് ഹൈസ്കൂൾ കുട്ടികൾക്ക് നൽകുകയുണ്ടായി.





# വായനക്കളരി ഉദ്ഘാടനം

ജൂൺ 28 ന് മലയാള മനോരമയും, ചാരുംമൂട് കരുവേലിൽ ജ്യൂവലേഴ്സും ചേർന്ന് വായന വാരാചരണത്തിന്റെ ഭാഗമായി കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കുന്ന 'വായനക്കളരി' പദ്ധതി ചുനക്കര ഗവ. VHSS ൽ 10 ദിനപത്രങ്ങൾ നൽകികൊണ്ട് ജ്വല്ലറി മാനേജർ ശ്രീ ഷിബു ഡാനിയേൽ, മനോരമ സർക്കുലേഷൻ റെപ്രസന്റേറ്റീവ് ശ്രീ ബിജു റ്റി എന്നിവർ ചേർന്ന് ബഹു. ഹെഡ്മിസ്ട്രസ്സ് ശ്രീമതി അനിത ടീച്ചറിന് നൽകി ഉദ്ഘാടനം ചെയ്തു.



# മക്കളെയറിയാൻ- അമ്മമാർക്കു വേണ്ടി...

ജൂലൈ 25 ചുനക്കര ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്ന രക്ഷകർത്തൃ ബോധവത്കരണ പരിപാടിയായ 'മക്കളെയറിയാൻ' കാലടി ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഗവേഷക ശ്രീമതി. ദിവ്യ ദേവകി നയിക്കുകയുണ്ടായി. മാറിയ സാഹചര്യത്തിൽ നമ്മുടെ കുട്ടികളെ എങ്ങനെ നേർവഴി നടത്താം എന്ന ചിന്തയിൽ നിന്നും ഉയർന്നുവന്ന ആശയമാണ് 'മക്കളെയറിയാൻ ' എന്ന രക്ഷകർത്തൃ ബോധവത്കരണ പരിപാടി.മാറിയ കാലത്തിലെ സോഷ്യൽ മീഡിയ / ഇന്റർനെറ്റ് അതിപ്രസരം, മദ്യം / മയക്കുമരുന്നുകളുടെ അടിമത്തം, മൊബൈൽഗയിമിംഗ്, മറ്റ് അനാശാസ്യ പ്രവണതകൾ എന്നിവയിൽ അടിമപ്പെടാതെ നമ്മുടെ കുരുന്നുകൾക്ക് എങ്ങനെ കരുതലൊരുക്കാം എന്നത് നാമോരോരുത്തരും ഇന്നു നേരിടുന്ന വലിയ വെല്ലുവിളിയാണ്.രക്ഷകർത്താക്കളെ ഇതിനു പ്രാപ്തരാക്കുമാറ് സംഘടിപ്പിക്കപ്പെടുന്ന രക്ഷകർത്തൃ ബോധവത്കരണ പരിപാടിയായ 'മക്കളെയറിയാൻ' എന്ന പ്രോഗ്രാമിന്റെ കാലികപ്രസക്തി തിരിച്ചറിഞ്ഞ് 'കരുത്തും കരുതലുമായി കുഞ്ഞുങ്ങൾക്കൊപ്പം' നിൽക്കാൻ ഇത് അവസരമൊരുക്കി.







# സ്വാതന്ത്ര്യ ദിനാഘോഷം...

## 'ആസാദി കാ അമൃത് മഹോത്സവ്'

ചുനക്കര ഗവ.വി. എച്ച്. എസ്. എസ്സിൽ സ്വാതന്ത്ര്യത്തിന്റെ 76 മത് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. രാവിലെ 9 മണിക്ക് എൻ സി സി, എസ് .പി. സി, ജൂനിയർ റെഡ് ക്രോസ് , സ്കൗട്ട് ആൻഡ് ഗൈഡ്, കുട്ടി കസ്റ്റംസ് , എൻ എസ് എസ് എന്നീ സ്കൂൾ യൂണിറ്റുകളും യു പി വിഭാഗം മുതൽ ഹയർ സെക്കണ്ടറി വിഭാഗം വരെയുള്ള വിദ്യാർഥികളും ടീച്ചേഴ്സും രക്ഷിതാക്കളും അണിനിരന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ജയശ്രീ പതാക ഉയർത്തി രാജ്യത്തിന്റെ എഴുപത്തിയാറാം സ്വാതന്ത്ര്യ ദിന ചടങ്ങുകൾക്ക് തുടക്കം കുറിച്ചു. തുടർന്ന് 9.15 ന് സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യ ദിന സന്ദേശം നൽകിയത് ഹെഡ്മിസ്ട്രസ് ശ്രീമതി അനിത ടീച്ചറാണ്. തുടർന്ന് പരിപാടികൾ 12.30 ന് അവസാനിച്ചു.









# സ്മരണാഞ്ജലി


ചുനക്കര ഗവ. വൊക്കേഷണൽ
ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ
സുധാകരൻ സാറിന്
അദ്ധ്യാപക - വിദ്യാർത്ഥി - പി.ടി.എ. യുടെ
ആദരാഞ്ജലികൾ

# ചിങ്ങം 1-കർഷകദിനം

"സ്കൂളിൽ നിന്ന് തുടങ്ങാം കൃഷിയുടെ ആദ്യപാഠങ്ങൾ "

കർഷക ദിനത്തോടനുബന്ധിച്ച് ചുനക്കര ഗവ. വി എച്ച് എസ്സ് എസ്സിൽ നടന്ന പച്ചക്കറിതോട്ടം ഒരുക്കലും, മാതൃകാ കർഷകരെ ആദരിക്കലും പരിപാടികൾ സംഘടിപ്പിച്ചു.







# സെപ്റ്റംബർ 2-ഓണാഘോഷം

ഓണാഘോഷ ലഹരിയിൽ ചുനക്കര ഗവ വി എച്ച് എസ് എസിലെ കുഞ്ഞുങ്ങളും പങ്കെടുത്തു.അത്തപ്പൂക്കള മത്സരം,വടംവലി,നാടൻപാട്ട് തുടങ്ങിയ വിവിധ പരിപാടികളോടൊപ്പം ഓണ സദ്യ,പായസം എന്നിവയും കുട്ടികൾക്ക് നൽകി.









# സെപ്റ്റംബർ 16-ഓസോൺ ദിനാചരണം

സെപ്റ്റംബർ 16,ഓസോൺ ദിനവുമായി ബന്ധപ്പെട്ട് ചുനക്കര GVHSS ലെ വിദ്യാർത്ഥിനികൾ തിരുവാതിര, സ്കിറ്റ് എന്നിവ അവതരിപ്പിച്ചു.വിദ്യാർത്ഥികൾക്കായി ക്വിസ്,പോസ്റ്റർ,രചന തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചു.

# VHSE കെട്ടിടത്തിന്റെ ഉദ്ഘാടനവും

## അനുമോദന ചടങ്ങും

ചുനക്കര ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി നിർമ്മിച്ച VHSE കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു: മാവേലിക്കര MLA എം.എസ്. അരുൺ കുമാർ നിർവ്വഹിച്ചു.2021-22 അധ്യയന വർഷം SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ കുട്ടികൾ, NMMS, LSS, USS സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ എന്നിവരെ ബഹുമാനപ്പെട്ട മാവേലിക്കര MLA ശ്രീ M S അരുൺ കുമാർ അനുമോദിച്ചു.









**2022 പ്ലസ് ടു വിജയികൾക്കുള്ള അനുമോദനവും പ്ലസ് വൺ പ്രവേശനോത്സവവും സ്കൂൾ ആഡിറ്റോറിയത്തിൽ നടന്നു.**

പിറ്റിഎ പ്രസിഡണ്ട് ശ്രീ മനോജ് കമ്പനി വിളയുടെ അധ്യക്ഷതയിൽ കൂടിയ യോഗം പ്രശസ്ത കവയത്രി ശ്രീമതി രേഖ ആർ താങ്കൾ ഉദ്ഘാടനം ചെയ്തു. റിട്ട. പ്രിൻസിപ്പൽ പൊന്നമ്മ ടീച്ചർ ഏർപ്പെടുത്തിയ 5001 രൂപ ക്യാഷ് പ്രൈസും മെമന്റോയും 1200/1200 മാർക്ക് വാങ്ങിയ അലീന ആർ സുരേഷ് ഏറ്റുവാങ്ങി. ചടങ്ങിൽ പൊന്നമ്മ ടീച്ചർ, വാർഡ് മെമ്പർ ശ്രീമതി ജയലക്ഷ്മി, ശ്രീമതി ഫരീദ,ശ്രീമതി സീന, ശ്രീമതി ശശികല, ശ്രീ അജയകുമാർ, ശ്രീ അനിമോൻ, കുമാരി മഹിമ എന്നിവർ സംസാരിച്ചു.





# ലഹരി വിമുക്ത കേരളം

## ലഹരി വിമുക്ത കേരളം കാമ്പയിന്റെ സ്കൂൾതല ഉദ്ഘാടനം

ലഹരി വിമുക്ത കേരളം കാമ്പയിൻ്റെ സ്കൂൾതല ഉദ്ഘാടനം ഒക്ടോബർ 6 ന് നടന്നു.സംസ്ഥാനതല ഉദ്ഘാടന പ്രദർശനം,സ്പെഷ്യൽ അസ്സംബ്ലി,ലഹരിവിരുദ്ധപ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു.

പി ടി എ പ്രസിഡന്റ് ശ്രീ മനോജ് കമ്പനിവിള ,ഹെഡ്മിസ്ട്രസ്സ് ശ്രീമതി അനിത ഡോമിനിക്, വാർഡ് മെമ്പർ ശ്രീമതി അനു തുടങ്ങിയവർ നേതൃത്വം നൽകി

'ലഹരി വിമുക്ത കേരളം' ക്യാമ്പയിനുമായി ബന്ധപ്പെട്ട് GVHSS ചുനക്കരയിൽ നടന്ന ലഹരിവിരുദ്ധ റാലി, സൈക്കിൾ റാലി, മനുഷ്യ ചങ്ങല, ബോധവത്കരണ ക്ലാസ്സ് എന്നിവയിൽ നിന്നും ചില കാഴ്ചകൾ.

















Govt.VHSS





# ജനകീയചർച്ച-പാഠ്യപദ്ധതി പരിഷ്കരണം

പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ്കൂൾ തല ജനകീയ ചർച്ച നവംബർ 13 സ്കൂൾതലത്തിൽ സംഘടിപ്പിച്ചു.





# സ്കൂൾ സ്പോർട്സ് മീറ്റ്

ചുനക്കര ജിവിഎച്ച്എസ്എസ് ലെ സ്പോർട്സ് മീറ്റ് 2022 ഒക്ടോബർ പതിനൊന്നാം തീയതി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടത്തപ്പെട്ടു . ലോങ് ജമ്പ്, ഹൈ ജമ്പ്, റിലേ, റണ്ണിങ് റേസ്, ഷോട്ട്പുട്ട്, ഡിസ്കസ് ത്രോ തുടങ്ങി വിവിധ ഇനം മത്സരയിനങ്ങളിൽ വിദ്യാർത്ഥി-വിദ്യാർഥിനികൾ പങ്കെടുത്തു.






# സ്കൂൾതല ശാസ്ത്രോത്സവം

ചുനക്കര ജി വി എച്ച്എസ്എസിലെ സ്കൂൾതല ശാസ്ത്രോത്സവം ഒക്ടോബർ 12 ആം തീയതി ബഹുമാനപ്പെട്ട എച്ച് എം ശ്രീമതി അനിത ഡൊമിനിക് ഉദ്ഘാടനം ചെയ്തു .ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, പ്രവൃത്തിപരിചയം, ഐടി തുടങ്ങി എല്ലാ വിഭാഗങ്ങളിലും കുട്ടികളുടെ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു.









# സ്കൂൾ കലോത്സവം

2022 വർഷത്തെ സ്കൂൾ കലോത്സവം ഒക്ടോബർ 14 ആം തീയതി മൂന്ന് വേദികളിലായി നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട എച്ച് എം ശ്രീമതി അനിത ഡൊമിനിക് അധ്യക്ഷയായ വേദിയിൽ പ്രശസ്ത എഴുത്തുകാരൻ ശ്രീ ചുനക്കര ജനാർദ്ദനൻ നായർ സർ വിശിഷ്ടാതിഥിയായി കലോത്സവം ഉദ്ഘാടനം ചെയ്തു.എച്ച് എസ് എസ് പ്രിൻസിപ്പൽ , വി എച്ച് എസ് ഇ പ്രിൻസിപ്പൽ , പി ടി എ പ്രസിഡണ്ട് ശ്രീ മനോജ് കമ്പനി വിള,വാർഡ് മെമ്പർ അനു, മറ്റു ജന പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.പ്രതിഭാശാലിയായ കുട്ടികൾ വിവിധ രചനാ മത്സരങ്ങൾ ,നാടൻ പാട്ട്, തിരുവാതിര, നൃത്ത-നൃത്യങ്ങൾ തുടങ്ങി വിവിധ കലാപരിപാടികളിൽ പങ്കെടുത്തു.









# സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് 2022








***ചെയർമാൻ - അക്ഷയ് എസ് കുറുപ്പ്*** (II VHSE)

***വൈസ് ചെയർമാൻ - രഞ്ജിമ ആർ നായർ*** (II HSE)

***ജനറൽ സെക്രട്ടറി -മുഹമ്മദ് റിസ്വാൻ*** (HS)

***ജോയിൻറ് സെക്രട്ടറി -സൽമാൻ*** (I VHSE)

***സാഹിത്യ വേദി സെക്രട്ടറി -ആദിത്യൻ എസ് നായർ*** (II VHSE)

***സാഹിത്യ വേദി ജോയിൻറ് സെക്രട്ടറി-അതുൽ രാജ്*** (I VHSE)

***സ്പോർട്സ് സെക്രട്ടറി- അക്ബർ ഷാ*** (II HSE)

***സ്പോർട്സ് ജോയിൻറ്സെക്രട്ടറി-അബിൻ രാജ്***(I VHSE)

***ആർട്സ് സെക്രട്ടറി-അനന്യ എ*** (II HSE)

***ആർട്സ് ജോയിൻറ് സെക്രട്ടറി-അഭിഷേക് മുരളി*** (HS)

# 2022-23 വർഷത്തെ സംസ്ഥാന - ജില്ലാതല നേട്ടങ്ങൾ

## സംസ്ഥാന സ്കൂൾ കലോത്സവം (2022-23)




**സംസ്ഥാനതല ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ അനുഗ്രഹ അശോക്**



# റവന്യൂ ജില്ലാ കലോത്സവം (2022-23)



തീർത്ഥ സുനിൽ
(ഉപന്യാസം-മലയാളം സെക്കന്റ് A ഗ്രേഡ്)



ശ്രീലക്ഷ്മി എസ്സ്
(കവിതാ രചന- A ഗ്രേഡ്)



അക്ഷയ രഞ്ജിത്

(പദ്യം ചൊല്ലൽ കന്നഡ- Third A ഗ്രേഡ്)

# ഉപജില്ലാ കലോത്സവം(2022-23)

## രചനാ വിഭാഗം








മുഹമ്മദ് ബിലാൽ (HS വിഭാഗം -കവിതാരചന -ഹിന്ദി) Third A ഗ്രേഡ്
അഭിനവ് ബി (HS വിഭാഗം -കഥാരചന- ഹിന്ദി) Third A ഗ്രേഡ്
ശിവാനി എസ് (HS വിഭാഗം -ഹിന്ദി ഉപന്യാസം) Fourth B ഗ്രേഡ്
ഐശ്വര്യ എസ് (UP വിഭാഗം -കഥാരചന -മലയാളം) Third A ഗ്രേഡ്
ഹൈമി ഫാത്തിമ (UP വിഭാഗം -ചിത്രരചന- പെൻസിൽ ) Second A ഗ്രേഡ്
അർച്ചന ജി പ്രദീപ് (HS വിഭാഗം -ഉപന്യാസം -ഇംഗ്ലീഷ് ) Second A ഗ്രേഡ്

# വ്യക്തിഗത വിഭാഗം









പൂർണിമ എസ് (HS വിഭാഗം -ഇംഗ്ലീഷ് പദ്യം ചൊല്ലൽ)Third A ഗ്രേഡ്
ആലിയ ഫാത്തിമ (HS വിഭാഗം-മാപ്പിളപാട്ട് )Fourth A ഗ്രേഡ്
പ്രാർത്ഥന എസ് കുമാർ (HS വിഭാഗം -മലയാളം പദ്യം ചൊല്ലൽ)B ഗ്രേഡ്

അനഘ പ്രകാശ് (ഭരതനാട്യം -A ഗ്രേഡ്)

പല്ലവി (നാടോടി നൃത്തം, മോണോ ആക്ട്- A ഗ്രേഡ് )

സിദ്ധാർഥ് സുനിൽ (UP വിഭാഗം -ലളിതഗാനം)Second A ഗ്രേഡ്, (UP വിഭാഗം -മലയാളം പദ്യം ചൊല്ലൽ) B ഗ്രേഡ്

ആഫ്രിൻ ഫാത്തിമ (UP വിഭാഗം -മാപ്പിളപാട്ട്)A ഗ്രേഡ്

# ഗ്രൂപ്പ് വിഭാഗം









UP വിഭാഗം ദേശഭക്തിഗാനം- ഒന്നാം സ്ഥാനം A ഗ്രേഡ്

HS വിഭാഗം തിരുവാതിര -മൂന്നാം സ്ഥാനം A ഗ്രേഡ്

UP വിഭാഗം നാടകം - രണ്ടാം സ്ഥാനം B ഗ്രേഡ്

HS വിഭാഗം സംഘഗാനം -B ഗ്രേഡ്

## അക്ഷരമുറ്റം ക്വിസ് ജില്ലാതല മത്സരത്തിൽ

## ഒന്നാം സ്ഥാനം കരസ്ഥമാക്കി തീർഥാസുനിൽ





മാവേലിക്കര സബ്ജില്ലാ ശാസ്ത്രമേളയിൽ 'സയൻസ് മാഗസിൻ' വിഭാഗത്തിൽ A ഗ്രേഡോഡ് കൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മാഗസിൻ (Mercurie Drops)തയ്യാറാക്കി ചുനക്കര GVHSS ലെ ശാസ്ത്രപ്രതിഭകൾ






## മാവേലിക്കര ഉപജില്ലാ UP വിഭാഗം

## പ്രവൃത്തി പരിചയമേളയിൽ

## A ഗ്രേഡോട് കൂടി ഒന്നാം സ്ഥാനം

## കരസ്ഥമാക്കിയ വിദ്യാർത്ഥികൾ...



അസ്ന അൻസാർ (എംബ്രോയിഡറി-ക്ലാസ്സ് 6)



കാശിനാഥ് എ(ചിരട്ടകൊണ്ടുള്ള ഉത്പന്നം-ക്ലാസ്സ് 7)

# കായിക മേള

## സബ് ജില്ലാ അത് ലറ്റിക്സ് മീറ്റ് 2022

### മാവേലിക്കര ഉപജില്ലാ കായികമേളയിൽ (അറ്റ്‌ലറ്റിക് മീറ്റ് 2022) 88 പോയിന്റുകൾ നേടി ചുനക്കര GVHSS മൂന്നാം സ്ഥാനം (ചാമ്പ്യൻഷിപ്പ്)കരസ്ഥമാക്കി






മാവേലിക്കര സബ്ജില്ലാ അറ്റ്‌ലറ്റിക് മീറ്റ് 2022 വ്യക്തിഗത ഇനങ്ങളിൽ ചാമ്പ്യൻഷിപ്പ് നേടി ചുനക്കര GVHSS ലെ അനഘ കൃഷ്ണൻ(സബ്ജൂനിയർ ഗേൾസ് 100m, 200m, 400m) നീരവ് എസ് (കിഡ്സ്ടീസ് ബോയ്സ് 100m, 200m)എന്നീ കുട്ടികൾ മേളയിലെ താരങ്ങളായി....





റിലേ,ലോങ്ങ് ജമ്പ്, ഷോട്ട്പുട്ട്, ഡിസ്ക് ത്രോ, ഹാമ്മർ ത്രോ, ക്രോസ്സ് കൺട്രി എന്നീ മത്സര ഇനങ്ങളിലും സീനിയർ, ജൂനിയർ, സബ് ജൂനിയർ, കിഡ്ഡീസ് വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി..







# റവന്യൂ ജില്ലാ അറ്റ്ലറ്റിക് മീറ്റ് 2022

കേരള സ്കൂൾ സ്പോർട്സ്-അറ്റ്ലറ്റിക്സ് മീറ്റ് 2022, റവന്യൂ ജില്ലാ 100m മത്സരത്തിൽ മൂന്നാം സ്ഥാനവും 200m ഒന്നാം സ്ഥാനവും കരസ്ഥമാക്കി,സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാൻ അർഹത നേടിയ സിദ്ധാർഥ് ബി.







# കേരള സംസ്ഥാനസ്കൂൾ കായികമേള 2022

സംസ്ഥാനതല നീന്തൽ മത്സരത്തിൽ Sub. Jr. ബോയ്സ് വിഭാഗം 50m. Free സ്റ്റൈലിൽ ആറാം സ്ഥാനം കരസ്ഥമാക്കിയ ചുനക്കര GVHSS ലെ നീന്തൽ താരം അദ്വൈത് പി എസ്. സംസ്ഥാന സ്കൂൾ ജൂഡോ ചാമ്പ്യൻഷിപ്പിൽ വെള്ളി മെഡൽ നേടിയ പ്ലസ് ടു വിദ്യാർത്ഥി എ ശ്രീഹരി





## PLUS TWO പരീക്ഷാ ഫലം




## SSLC പരീക്ഷാ ഫലം






# NMMS മത്സര വിജയികൾ




# USS മത്സര വിജയികൾ



# ദീൻ ദയാൽ സ്പർശ് യോജന' 2022 -23

തപാൽ വകുപ്പ് ആറ് മുതൽ ഒൻപത് വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ 'ദീൻ ദയാൽ സ്പർശ് യോജന' 2022-23 സ്റ്റാമ്പുകളിലെ അഭിരുചിയും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ് )സ്കോളർഷിപ്പ് ആദ്യ ഘട്ടം പരീക്ഷ വിജയകരമായി പൂർത്തിയാക്കി, ചുനക്കര GVHSS ലെ കുഞ്ഞുങ്ങളും..മാവേലിക്കര ഉപജില്ലയിൽ 500 ൽ പരം കുട്ടികൾ പരീക്ഷ എഴുതിയതിൽ ആദ്യ ഘട്ടം വിജയികളായത് 17 കുട്ടികൾ.. അതിൽ കാശിനാഥ് എ (ക്ലാസ്സ് 8)രൂപ എസ് രാജ് (ക്ലാസ്സ് 9) എന്നിവർ ചുനക്കര സ്കൂളിന്റെ അഭിമാന താരങ്ങളായി...






സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട് **ചാരുംമൂട് പബ്ലിക് ലൈബ്രറി സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ** തീർത്ഥ സുനിലും ഋഷികേശും HS വിഭാഗത്തിൽ വിജയികളായി.





# സ്കൂളിന്റെ അഭിമാന താരങ്ങൾ-അനുമോദന ചടങ്ങ്

സംസ്ഥാന സ്കൂൾ കലോത്സവം (2022-23)ഇംഗ്ലീഷ് കഥാരചന മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ അഭിജിത്ത് എസ് പിള്ള, സംസ്ഥാന സ്കൂൾ കായികമേളയിൽ 100 മീറ്ററിൽ പങ്കെടുത്ത സിദ്ധാർഥ് ബി, സംസ്ഥാനതല നീന്തൽ മത്സരത്തിൽ പങ്കെടുത്ത അദ്വൈത് പി എസ് എന്നീ കുട്ടികൾ ചുനക്കര ഗവ. വി എച്ച് എസ് എസിന്റെ അഭിമാന താരങ്ങളായി. ഉജ്വലവിജയം കൈവരിച്ച പ്രതിഭകളെ പി. ടി. എ യുടെയും അധ്യാപകരുടെയും ജനപ്രതിനിധികളുടെയും സംയുക്താഭിമുഖ്യത്തിൽ വാദ്യാഘോഷങ്ങളോടെ ആനയിച്ച് സ്കൂൾ അങ്കണത്തിൽ അനുമോദിച്ചു...

















# ക്ലബ്ബ് പ്രവർത്തനങ്ങൾ

## ലിറ്റിൽ കൈറ്റ്സ്

സാങ്കേതിക വിദ്യയിലുള്ള പുതുതലമുറയുടെ ആഭിമുഖ്യം പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ ഹൈടെക് പദ്ധതികളിലൂടെ നമ്മുടെ സ്കൂളിലും നടപ്പിലാക്കി.പി ടി എ പ്രസിഡന്റ് ചെയർമാനും, എച്ച് എം കൺവീനറും, ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ജോയിന്റ് കൺവീനറും ,എസ് ഐ റ്റി സി സാങ്കേതിക ഉപദേഷ്ടാവും, കുട്ടികളുടെ പ്രതിനിധി ലിറ്റിൽ കൈറ്റ്സ് ലീഡറും ആണ്. എല്ലാ ബുധനാഴ്ച്ചകളിലും ഒരു മണിക്കൂർ വിതം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പരിശീലനം നേടുന്നുണ്ട്. . 8-ാം ക്ലാസ്സിലെ കുട്ടികൾക്ക് അഭിരുചി പരീക്ഷ നടത്തി ഉയർന്ന സ്കോർ നേടുന്ന കുട്ടികളെ ഓരോ വർഷവും പുതിയ യൂണിറ്റിലേയ്ക്ക് തെരഞ്ഞെടുക്കുന്നു. സ്കൂൾ തല ക്യാമ്പുകളും ഓരോവർഷവും നടത്തുന്നു. മികവു പുലർത്തുന്ന കുട്ടികളെ സബ് ജില്ലാ, ജില്ലാ, സംസ്ഥാന തല ക്യാമ്പുകളിൽ പരിശീലനത്തിന് അവസരം നൽകുന്നു. ലക്ഷ്യങ്ങൾ സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി ഓരോ കുട്ടികൾക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു. വിദ്യാലങ്ങളിലെ സാങ്കേതിക ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനും അവ പരിപാലനം ചെയ്യുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു

സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണ്യങ്ങൾ പരിചയപ്പെടുത്തുന്നതിന് അവസരം നൽകി ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനായി ഗ്രാഫിക്സ് ആൻഡ് ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിംഗ്, മൊബൈൽ ആപ്പ് നിർമാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിംഗ് ,ഡി റ്റി പി ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളിൽ യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.ആകെ ഏഴ് മൊഡ്യൂളുകളിലായി 25 ആഴ്ചകളിലൂടെയാണ് പരിശീലന പരിപാടികൾ നടപ്പിലാക്കുന്നത്.

## ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ഭരണ നിർവ്വഹണ സമിതി

| | | |
|---|---|---|
| ചെയർമാൻ | പി.ടി.എ പ്രസിഡൻറ് | മനോജ് കമ്പനിവിള |
| കൺവീനർ | ഹെഡ്മിസ്ട്രസ് | അനിത ഡൊമിനിക് |
| വൈസ് ചെയർപേഴ്സൺ 1 | എം.പി.ടി.എ പ്രസിഡൻറ് | കീർത്തി കെ നായർ |
| വൈസ് ചെയർപേഴ്സൺ 2 | പി.ടി.എ വൈസ് പ്രസിഡൻറ് | ശ്രീകല ശ്രീകുമാർ |
| സാങ്കേതിക ഉപദേഷ്ടാവ് | എസ് ഐ റ്റി സി | രഘുദാസ് കെ വി |
| ജോയിൻറ് കൺവീനർ 1 | ലിറ്റൽകൈറ്റ്സ് മിസ്ട്രസ്സ് | ലേഖ എസ് |
| ജോയിൻറ് കൺവീനർ 2 | ലിറ്റൽകൈറ്റ്സ് മിസ്ട്രസ്സ് | സന്ധ്യ എസ് |
| കുട്ടികളുടെ പ്രതിനിധികൾ | ലിറ്റൽകൈറ്റ്സ് ലീഡർ | ഗായത്രി കുട്ടൻ |
| കുട്ടികളുടെ പ്രതിനിധികൾ | ലിറ്റൽകൈറ്റ്സ് ഡെപ്യൂട്ടി ലീഡർ | കാശിനാഥ് |

# 2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ച് പ്രവർത്തനങ്ങൾ

2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ച് കുട്ടികളുടെ പ്രിലിമിനറി ക്യാമ്പ് ഒക്ടോബർ 1 ന് സ്കൂൾ SITC ശ്രീ രഘുദാസ് സാർ, മാസ്റ്റർ ട്രയിനർ കോഡിനേറ്റർ ശ്രീ അഭിലാഷ് സാർ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.ഗ്രാഫിക്സ് ആൻഡ് ആനിമേഷൻ ,സ്ക്രാച്ച് പ്രോഗ്രാമിംഗ്,മൊബൈൽ ആപ്പ് നിർമാണം തുടങ്ങി വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ്ക്യാമ്പ് നടത്തിയത്.





# 2021-24 ലിറ്റിൽ കൈറ്റ്സ് ബാച്ച് പ്രവർത്തനങ്ങൾ

പുതിയ ബാച്ചിലേക്ക് 49 കുട്ടികളെ പ്രവേശന പരീക്ഷയ്ക്ക് LKMS ൽ രജിസ്റ്റർ ചെയ്തു. ഇവർക്ക് പ്രവേശന പരീക്ഷ പരിശീലനം നൽകുന്നതിനായി എല്ലാവരേയും ചേർത്തുകൊണ്ട് വാട്സാപ്പ് ഗ്രൂപ്പ് രൂപികരിക്കുകയും പരീക്ഷയുമായിബന്ധപ്പെട്ട വിക്ടേഴ്സ് ചാനലിന്റെ മുൻ ക്ലാസ്സുകളും, മറ്റ് പരിശീലനപരിപാടികളും നടത്തിവരുകയും ചെയ്തു. 2022 മാർച്ച് 19 ന് നടന്ന ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷയിൽ 54 കുട്ടികൾ പങ്കെടുത്തു . ഈ വർഷം സ്കൂളിന് അനുവദിക്കപ്പെട്ട സീറ്റിലേക്ക് ആദ്യ 38 റാങ്കുകാർ പ്രവേശനം നേടി. ജൂൺ 22 ന് ക്ലാസുകൾ ആരംഭിച്ചു.

# സ്കൂൾ ലെവൽ ക്യാമ്പ്

2020-23 ബാച്ചിലെ ഏകദിന ക്യാമ്പ് ബഹു.എച്ച് എം ശ്രീമതി അനിത ഡൊമിനിക് ഉദ്ഘാടനം ചെയ്തു. എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്ന ക്യാമ്പിൽ എസ് ഐ റ്റി സി ശ്രീ രഘുദാസ് കെ വി പ്രോഗ്രാമിങ്, ആനിമേഷൻ,മൊബൈൽ ആപ്പ് എന്നീ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. ക്യാമ്പ് അംഗങ്ങൾക്ക് റിഫ്രെഷമെന്റും ഉച്ചഭക്ഷണവും ഒരുക്കിയിരുന്നു. 19/01/22 രാവിലെ 10 am ന് ആരംഭിച്ച ക്യാമ്പിന് കൈറ്റ് മിസ്ട്രസ് ശ്രീമതി ലേഖ സ്വാഗതവും ലീഡർ ഗോപിക നന്ദിയും പറഞ്ഞു 4.30pm ന് ക്യാമ്പ് അവസാനിച്ചു

# ഉപജില്ലാ ക്യാമ്പ്

ലിറ്റിൽ കൈറ്റ്സ് 2020 - 23 ബാച്ചിലെ ആദർശ് ,അർജ്ജുൻ,കാശിനാഥ്,ഗോപിക,ഭാമ,അർച്ചന,ശിവാനി,സംഘപാൽ എന്നിവർ ഉപജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.





# സൈബർ സെക്യൂരിറ്റി ക്ലാസ്സ്

സംസ്ഥാന സർക്കാരിന്റെ രണ്ടാം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി കൈറ്റ് സംഘടിപ്പിക്കുന്ന അമ്മമാർക്കുള്ള സൈബർ സുരക്ഷാ അവബോധപരിശീലനം ഗവ. വി എച്ച് എസ് എസ് ചുനക്കരയിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 2022 മേയ് 10,11 തീയതികളിൽ നടന്നു. മേയ് 10ന് രാവിലെ 10 മണിയ്ക്ക് ബഹു.ഹെഡ്മിസ്ട്രസ് ശ്രീമതി അനിത ഡൊമിനിക് ബോധവൽക്കരണ ക്ലാസ് ഉദ്ഘാടനം ചെയ്തു. . രണ്ട് ദിവസങ്ങളിലായി നടന്ന പരിശീലനത്തിൽ 4 ബാച്ചുകളിലായി ഒൻപത്, പത്ത് ക്ലാസുകളിൽ പഠിക്കുന്ന 180 കുട്ടികളുടെ അമ്മമാർക്ക് പരിശീലനം ലഭിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ 8 കുട്ടികളാണ് ക്ലാസുകൾ നയിച്ചത്. ശേഷമുള്ള ക്രോഡീകരണവും സെഷൻ 5 ന്റെ അവതരണവും കൈറ്റ് മാസ്റ്റർ/കൈറ്റ് മിസ്ട്രസ് നടത്തി. ഓരോ ബാച്ചിലും പങ്കെടുത്ത അമ്മമാർ ക്ലാസ് വളരെ പ്രയോജനപ്രദമായിരുന്നെന്നും ക്ലാസുകൾ നയിച്ച് കുട്ടി RP മാരുടെ അവതരണം മികച്ച നിലവാരം പുലർത്തുന്നതായിരുന്നെന്നും അഭിപ്രായപ്പെട്ടു.





# റോബോട്ട് കിറ്റുകളുടെ പ്രവർത്തനോദ്ഘാടനം

സംസ്ഥാനത്തെ 2000 ഹൈസ്കൂളുകളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കളിലൂടെ വിന്യസിക്കുന്ന 9000 റോബോട്ട് കിറ്റുകളുടെ പ്രവർത്തനോദ്ഘാടനം

2022 ഡിസംബർ 8 ഉച്ചയ്ക്ക് 12: 30 ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിർവഹിച്ചു. ഇതിൻറെ തൽസമയ ദൃശ്യം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിൽ പ്രദർശിപ്പിച്ചു.





# ജൂനിയർ റെഡ് ക്രോസ്

വിദ്യാർത്ഥികളിലെ സേവനമനോഭാവവും ആതുര ശുശ്രൂഷ താൽപര്യം വളർത്തുന്നതിനും സമൂഹത്തിന് നന്മയാർന്ന മാതൃകയാകുന്നതിനും ' ജൂനിയർ റെഡ് ക്രോസിന്റെ ഒരു യൂണിറ്റ് ചുനക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കുളിൽ പ്രവർത്തിക്കുന്നു.

## പ്രവർത്തനങ്ങൾ

ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു

വ്യക്തിത്വ വികസന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു

സാമൂഹ്യ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു
സുകൃതം ജീവകാരുണ്യ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നു

# ജൂനിയർ റെഡ് ക്രോസ്സ് കൗൺസലർ- രശ്മിനാഥ്

2022-23 വർഷത്തെ 10ാം ക്ലാസ്സ് C-Level ഏകദിന സെമിനാർ(12/1/23) വ്യാഴം രാവിലെ 10 a.m ന് ബഹു. HM അനിത ഡൊമിനിക് ടീച്ചർ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളും JRC കൗൺസിലറും പങ്കെടുത്തു. തദവസരത്തിൽ ആരോഗ്യപരമായ വിഷയങ്ങളെ സംബന്ധിച്ച് ശ്രീമതി റെമി ബാലനും ട്രാഫിക് നിയമങ്ങളെക്കുറിച്ചും ലഹരിയുടെ ദുരുപയോഗത്തെക്കുറിച്ച് ശ്രീമതി ചിത്ര പൂരഹരനും ക്ലാസ്സുകൾ നയിച്ചു.ചുനക്കര സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ 'സാന്ത്വന പരിചരണം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ക്ലാസ്സ് GVHSS JRC യൂണിറ്റിന്റെ ഭാഗമായി(ജനവരി 18 , ബുധൻ) സംഘടിപ്പിക്കുകയുണ്ടായി. 8,9,10 ക്ലാസ്സുകളിലെ കുട്ടികൾ പങ്കെടുത്തു. ക്ലാസ്സ് നയിച്ചത് ഫിസിയോ തെറാപ്പിസ്റ്റ് പേളി, ശ്രീകല എന്നിവരായിരുന്നു.





# എൻ സി സി

യുവാക്കൾക്കിടയിൽ സ്വഭാവഗുണം , ധൈര്യം , സഹവർത്തിത്വം , അച്ചടക്കം , നേതൃത്വഗുണം , മതേതര മനോഭാവം, സാഹസിക മനോഭാവം , കായിക മനോഭാവം എന്നിവ കൂടാതെ സന്നദ്ധസേവന മനോഭാവം വളർത്തുക, നല്ലൊരു പൗരനാക്കി മാറ്റുക, സംഘടിതവും പരിശീലനം സിദ്ധിച്ചതും പ്രോത്സാഹനം ലഭിച്ചതുമായ യുവാക്കളാകുന്ന മനുഷ്യസമ്പത്തിനെ വാർത്തെടുക്കുക ജീവിതത്തിലെ എല്ലാ മേഖലകളിലും നേതൃത്വഗുണം പ്രകടിപ്പിക്കുക-സായുധസേനയിൽ ഉൾപ്പെടെ രാജ്യത്തിന് ആവശ്യമുള്ളപ്പോൾ ഉപയോഗിക്കാനാവുന്നവരാക്കിമാറ്റുക,യുവാക്കൾക്കിടയിൽ സായുധസേനയിൽ ചേരുന്നതിനുള്ള മാർഗ്ഗദർശനം നൽകാനുള്ള ശരിയായ അന്തരീക്ഷം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് എൻ സി സി പ്രവർത്തിക്കുന്നത്.

## പ്രോഗ്രാം ഓഫീസർ-റെമി ബാലൻ






# NCC ക്യാമ്പ്

September 4 മുതൽ 11 വരെ കരുനാഗപ്പള്ളി ജോൺ എഫ് കെന്നഡി സ്കൂളിൽ നടന്ന NCC യുടെ ക്യാമ്പ് ഇന്ന് വിജയകരമായി പര്യവസാനിച്ചു. നമ്മുടെ സ്കൂളിൽ നിന്നും 18 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്ത് പരിശീലനം നേടുകയും എല്ലാവരും സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട മത്സരങ്ങളിൽ നമ്മുടെ കേഡറ്റുകൾ മികവാർന്ന പ്രകടനം കാഴ്ചവെക്കുകയും 3 പേർ മെഡൽ നേടുകയും ചെയ്യുക വഴി സ്കൂളിന്റെ യശാസ്സുർത്താൻ സഹായകമായി. കേഡറ്റുകളെ ക്യാമ്പിലേക്ക് പോകുന്നതിന് കൃത്യ സമയത്തു സജ്ജരാക്കി സ്കൂളിൽ എത്തിക്കുകയും ക്യാമ്പ് തീർന്ന ദിവസം അവരെ കൃത്യ സമയത്തു സ്കൂളിൽ എത്തി തിരികെ വിളിച്ചു കൊണ്ട് പോകുകയും ചെയ്തു

**ഡിസംബർ 26 മുതൽ ജനുവരി 2** വരെ ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ നടന്ന NCC യുടെ ക്യാമ്പ് വിജയകരമായി പര്യവസാനിച്ചു. നമ്മുടെ സ്കൂളിൽ നിന്നും 32 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്ത് പരിശീലനം നേടുകയും എല്ലാവരും സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. ക്യാമ്പിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട

മത്സരങ്ങളിലും നമ്മുടെ കേഡറ്റുകൾ മികവാർന്ന പ്രകടനം കാഴ്ചവെക്കുക വഴി സ്കൂളിന്റെ യശസ്സുയർത്താനും സാധിക്കുകയുണ്ടായി.






# SPC

SPC പുതിയ ബാച്ച് പരിശീലനം തുടങ്ങി..പരിശീലകരായ പോലീസ് ഉദ്യോഗസ്ഥർ ക്കൊപ്പം, SPC ചുമതലയുള്ള അധ്യാപകരായ ശ്രീമതി. സ്മിത, ശ്രീ. അനിമോൻ എന്നിവർ പങ്കെടുത്തു.







# സ്കൗട്ട് ആൻഡ് ഗൈഡ്സ്

സ്കൗട്ട് ആൻഡ് ഗൈഡ്സ് ത്രിദിന സഹവാസ ക്യാമ്പ് സ്കൂളിൽ നടന്നു. ചുനക്കര പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.കെ ആർ അനിൽ കുമാർ, പിടിഎ പ്രസിഡണ്ട് ശ്രീ മനോജ് കമ്പനിവിള, പ്രിൻസിപ്പൽ വിജയലക്ഷ്മി ടീച്ചർ, ശ്രീ പ്രശാന്ത്, ശ്രീമതി പ്രീത എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.





# നാഷണൽ സർവ്വീസ് സ്കീം

വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ഇടയിൽ സമൂഹത്തിനോടുള്ള സേവനസന്നദ്ധതാമനോഭാവം വളർത്താൻ ഉദ്ദേശിച്ചാണ് ഈ സംഘടന സ്ഥാപിതമായത്.വിദ്യാർഥികളെ രാഷ്ട്ര പുനരനിർമ്മാണത്തിൽ പങ്കാളികളാക്കുക.വിദ്യാർഥികളെ സമൂഹത്തോട് കടമ ഉള്ളവരാക്കിത്തീർക്കുക എന്നീ ലക്ഷ്യങ്ങളോട് കൂടിയാണ് എൻ എസ് എസ് പ്രവർത്തിക്കുന്നത്. സ്കൂളിലെ പ്രോഗ്രാം ഓഫീസർ **ശ്രീ പി വി അശോകൻ** സാറാണ്.





# കുട്ടികളുടെ കലാസൃഷ്ടികൾ

## ആകാശം

എന്തെല്ലാം എന്തെല്ലാം മാറിയിട്ടും

ആകാശം ഇപ്പോഴും നീല തന്നെ

കാർമേഘങ്ങൾ വന്നിരുണ്ടു കൂടിയാല്

ഭൂമിയാണന്ധകാരത്തിലെത്തീടുക

ഇടിമിന്നലും മഴയും കൂടി വന്നീടും

ആകാശം പിന്നെയും ശാന്തമാകും

ആകാശത്തുകൂടി പറന്നിടും പറവകൾ

ആകാശത്തിൻ ഭംഗി വർദ്ധിപ്പിക്കാൻ

ആകാശവും സമുദ്രവും ഒന്നു ചേർന്നീടുമ്പോൾ

ഏതാണവകാശം എന്നും നമുക്കറിയില്ല

അന്തിയാകും നേരം ആകാശം കാണുവാൻ

എന്തുഭംഗിയാണെന്നറിയാമോ?



**അഭിരാജ് എസ് XI**

# THE SEVEN PRINCIPLES OF INNOVATION BY STEVE JOBS

Do what you love.

Think differently about your carri

Put a dent in the universe.

Think differently about your vision

Kick start your brain

Think differently about how you think

Sell dreams, not products.

Think differently about your customers.

Say no to 1,000 thinks.

Think differently about design.

Create insanely great experiences.

Think differently about your brand

experience....



Sreenanda R 9D

# ***Where the mind is without fear***

**Where the mind is without fear and the head is held high**

**Where knowledge is free**

**Where the world has not been broken up into fragments.**

**By narrow domestic walls.**

**Where words come out from depth of truth.**

**Where tireless striving stretches its arms towards perfection**

**Where the clear stream of reason has not lost its way into the**

**dreary desert sand of dead habit**

**Where the mind is led forward by thee into ever widening**

**thought and action into that heaven of freedom,**

**my father, let my country awake**



Shreya Suresh 9.B

# LAIKA – THE DOG AND THE FIRST ANIMAL IN SPACE

**Laika the mixed-breed dog,was the first liuing being in orbit.She was launched on the souiet union's Sputnik 2 mission in November 3,1957. Laika, was a stray Mongrel from the streets of Moscow. Breed: Mongrel possible part husky and part terrior.A Number of Sensors were fixed in her body to**

**measure and sent her heart beating respiratory function and blood preasure to the earth centre. sputnik 2 was a suicide mission for the poordog ; the satellite was not designed to come safely back to Earth. Souiet publication claimed that the dog died, painlessly ,after a week in Earth orbit. But Laika proved living beings could suruiue in space.**



**Shriya Sreejith 9 B**

# PUZZLES



## STUPENDOUS!

Complete this puzzle with words beginning with ST- clues below.

1)The yard where a pig lives.
2)To move a spoon in your coffee.
3)Yo need this to send a letter.

**DEVA.G.S 9C**

4)Two can hold together a magazine.
5)Athlets need this to keep on running.
6)Weight lifters need this.
7)This leads to the first floor.
8)An american air hostess.
9)Something such as a car which has been designet to move quickly because of its shape.
10)You have this when you never want to change your mind.Donkeys show a lot of this!
11)A great height achieved by rockets which is beyond the atmosphere.
12)A person who carries a flag.(TWO WORDS)

1)S T ___
2)S T ___ ___
3)S T___ ___ ___
4)S T ___ ___ ___ ___
5)S T ___ ___ ___ ___ ___
6)S T___ ___ ___ ___ ___ ___
7)S T ___ ___ ___ ___ ___ ___ ___
8)S T ___ ___ ___ ___ ___ ___ ___ ___
9)S T___ ___ ___ ___ ___ ___ ___ ___ ___
10)S T ___ ___ ___ ___ ___ ___ ___ ___ ___ ___
11)S T ___ ___ ___ ___ ___ ___ ___ ___ ___ ___ ___
12)S T ___ ___ ___ ___ ___ ___ ___ ___ ___ ___ ___ ___

ANSWERS

1.STY
2.STIR
3.STAMP
4.STAMPLE
5.STAMINA
6.STRENGTH
7.STAIRCASE
8.STEWARDESS
9.STREAMLINED
10.STUBBORNNESS
11.STRATOSPHERIC
12.STANDARDBEARER

# IMPORTANCE OF EDUCATION

The importance of education in life is immense . It facilitates quality learning to people through out their knowledge ,belief skill values and moral habits , It improve the way of living and rises the social and economic status of individuals. Education makes life better and peaceful. It transforms the personality of individuals and makes them feel confident. Well said by Nelson Mandela "Education the most powerful weapon that is used to change the world ".In India, education is a constitutional right of every citizen. So , people of any age group , religion, caste, creed, and region are free to recieve eduction. As a kid, every child dreams of being a doctor , lower, engineer, actor , soldier etc. These dreams can come true through education.

The government passed the "Right to education Act "on 4 August 2009 . This Act came into effect on 1 April 2010 ,following which education has became the fundamental right of every child in India . Education is one of the key components for an individual success . It has the ability to shape one' s life in the right direction. It improve not only the personal life of the people but also their community .Rephrase to "For a country to grow" For a one countries growth, we require a well -education population . There is a famous saying that "If we feed one person, we will eliminate his hunger for only one time. But, if we educate a parson, we will change his entire life"




**THEERTHA SUNIL9D**

# MATHS QUIZ



**Gopika Krishnan 10 C**

1) Which number replaces the question mark?




ans; 9

explanation; The number at the centre of each triangle equals the sum of the lower two number minus the top number .

2) Which number completes the puzzle?

5
7
11
13
17
?

ans ; 19

explanation ; numbers follow sequence of prime number.

3) if

4+4=20
5+5=30
6+6=42
7+7=56
then
9+9=90

Solution

=4+4=20 [4x4+4=20]
=5+5=30 [5x5+5=30]
=6+6=42 [6x6+6=42]
=7+7=56 [7x7+7=56]
=8+8=72 [8x8+8=72]
=9+9=90 [9x9+9=90]

4) Number scramble

9,2,6,4,1,5,

What is the smallest six digit number you can make in this numbers=9,2,6,4,1,5,

124569

What is the largest six digit number has 9 in the hundred place?

654921

# NATURE



**Sreelakshmi 9C**

Birds are singing with joy.
All glimpses of nature does make us to enjoy
The flows of river are singing
And the branches of trees are dancing.
Our earth is full of green.
And our green nature is only to be seen.
The blooming of colourful flowers
Does look beautiful in nature showers
There's a golden Dahlia,look!
It makes it head shook
The sky looked bright
To make happy the sight
Night make the sight delight
Night looks beautiful with stars
And this beautiful earth is ours
The nature is very diverse
In all around the universe.



**Deva G S**



# GILLY LEARNT HIS LESSON

Gilly was a very lazy goose.He has the habit of keeping his shoe laces untied.He walked about without his laces tied . One day, Gilly went for a walk.He put on his smart new cap and shoes and set off. As usual his shoe laces were untied. At every street corner,someone would call out to him to tie his shoe laces.But Gilly pretended as though he did not hear them.While walking down to the hill,Gilly tripped on his shoe laces and fell into the dirty pond at the foot of the hill.His cap flew off and went in the muddy water.Picking up his ruined cap,Gilly come back home and crying to his mother.He got a good scolding from his mother.Gilly learnt a lesson and promised his mother to tie his shoe laces always.

**Moral: Laziness won't get you anywhere.**

**Sreelakshmi**
**9C**



# MAKE LEADERSHIP ON YOUR TARGET



**GAUTAMI S RAJ 9D**

Jawaharlal Nehru was a great leader of India. He left another leader even after he is gone, Indira Gandhi. Again her son Ranjiv Gandhi was also a leader. Thus a true leader like Nehru works at creating more leaders. Mahatma Gandhi was a leader of the mass. He had no money or power. But he had the power to move hundreds of millions of people. A leader is a motivating factor for his followers. A leader who guides and leads is a good leader. He achieves success. Bad leaders misguide and mislead. A leader doesn't mean just a leader of the army. Every one is a leader by himself. For example, one leads his mind to do this or that. Basically success depends on our leadership activities. A mother brings up her children and thereby she becomes a leader of the family. Parents are necessarily leaders. In a school, headmaster is the leader. A boss in a factory is a leader of his team. They are not named as leaders. But they are leaders. A family is a organisation. It should have a leader. A company has its managing director as its leader. The company's success naturally depends on him. He accepts challenges and runs his company even in adverse conditions. A leader never quits. He creates necessary environments and enables others to work well. He works for a cause. Great leaders listen well. They don't preach. They allow others to work. They create consensus. They train up the followers. They are not greedy of power. Mahatma Gandhi didn't work for the sake of power. They accept a short term pain for a long term gain.

Leaders always put the following questions to himself.

1. Can people trust me?
2. Am I committed to the task
3. Am I doing the best?
4. Do I care about the others?

If the answer is yes to all questions, he is a good leader. He is involved in the work chosen. People have trust in him. He is doing his best. He is caring for others and not for himself.

A good leader is trustworthy. He is dependable and gives strength and courage to those around him. A person who wants to achieve success in his endeavour has to develop leadership activities. A successful person gives the best, leadership qualities can be acquired. This leadership is essential in every sphere of life.

The leader,

1. Innovates
2. Developes
3. Relies on people
4. counts on trust
5. does the right thing

Incidently, a leader is not a trouble maker. The youths of a country are the leaders of tomorrow. Their success depends on the way they develop leadership activities



**Nandhana S Prakash 9C**



# ചതിയൻ ചെന്നായ

ഒരിക്കൽ ഒരിടത്ത് ഒരു മുയലും,മാനും,ചെന്നായയും,പിന്നെ ഒരു മുള്ളൻ പന്നിയും ഉണ്ടായിരുന്നു. അവർ വലിയ കൂട്ടുകാരായിരുന്നു.ഇടിയും,മിന്നലും,മഴയും,വെയിലും വന്നാലും പിരിയാത്ത കൂട്ടുകാർ.അവർ ആരെയും സഹായിക്കും എപ്പോഴും സ്നേഹം തരുന്ന ആളുകൾ. ഒരുദിവസം അവരുടെ കാട്ടിൽ വരൾച്ച വരവായി. വെള്ളം കിട്ടാതെ പുല്ലുകൾ കരിഞ്ഞുപോയി. പുല്ലുകൾ കിട്ടാതെ സസ്യഭുക്കുകൾ ആയ മൃഗങ്ങൾ കുറേ മരിച്ചുപോയി. ആ ചങ്ങാതിമാർ അവർ ശേഖരിച്ച അഹാരം തിന്നു ജീവിച്ചു. എന്നാൽ അതിൽ കുറുക്കൻ മാംസഭുക്കായിരുന്നു. ബാക്കിയുള്ളവർ സസ്യഭുക്കും. അപ്പോൾ കുറുക്കന് വിശപ്പ് കൂടി. അങ്ങനെ ഇരിക്കെ അവനു സുഹൃത്തിനെ ഓർമ്മ വന്നു. കിട്ടു മുയൽ തടിച്ചു കൊഴുത്താണ് ഇരിക്കുന്നത്. അവനെ കൊന്നാൽ കുറച്ചുദിവസത്തേക്ക് കഴിക്കാൻ ആഹാരം കിട്ടും. അങ്ങനെ ഒരു കുരുട്ടു ബുദ്ധിയിലൂടെ പാവം കിട്ടു മുയലിനെ കൊന്നു തിന്നു. ആ വിഷമത്തിൽ നടക്കുകയായിരുന്നു മാനും,മുള്ളൻപന്നിയും. അങ്ങനെ കൗശലക്കാരനായ കുറുക്കൻ മാനിനെ തീർക്കാൻ തീരുമാനിച്ചു. ആ സമയം മാൻ അമ്മയുടെ വീട്ടിൽ പോയി. കുറുക്കൻ അപ്പോൾ മുള്ളൻപന്നിയെ തിന്നാൻ തീരുമാനിച്ചു. കുറുക്കൻ മുള്ളൻപന്നിയുടെ നേർക്ക് ചാടി. മുള്ളൻപന്നിയുടെ മുള്ള് കുത്തി കുറുക്കനു പരുക്ക് ആയി. അങ്ങനെ അവൻ മുഴുവൻ സത്യവും വെളിപ്പെടുത്തി. അങ്ങനെ സത്യം മനസ്സിലാക്കിയ മുള്ളൻപന്നി അവനെ നാടുകടത്തി. പിന്നെ അവർ സമാധാനമായി ജീവിച്ചു...



**Bhama.S 10:B**






**Bhavya 9C**

# പൈങ്കിളി

കുഞ്ഞോമൽ പൈങ്കിളി
പൊന്നോമൽ പൈങ്കിളി
കുഞ്ഞിക്കൂടെന്തേ നിറഞ്ഞില്ലേ ?
മാനത്ത് തുള്ളിപ്പറക്കുന്ന തുമ്പിയേം
പൂമ്പാറ്റേം ഒന്നിനേം കിട്ടീലേ ?
അകലേക്കുനോക്കി കരഞ്ഞിരിക്കാതെ
വയലേലതേടി പറന്നീട്ടു
പാടത്തിൻ മീതേ തുള്ളിത്തുളുമ്പുന്ന
തുമ്പിക്കൂട്ടത്തെ കാണാമവിടെ.

ആര്യ കൃഷ്ണൻ 9B



# Why he an inspiration for youth

The geography teacher Venugopal just reached the class . The class was very silent . A boy was ordered to collect copies .Venugopal Ji had only checked two – three copies that the copy of Narendra came before him. While checking the copy , he smiled "Narendra Nath Dutt , Stand up .What is the capital of United States of America ?

Washington

Absolutely wrong

America's capital is Newyork , understand ?

No guru ! It is wrong . Not Newyork . Washington is the capital of USA .

This time Venugopal Ji got angry.

Venugopal lifted his stick lying on the table and Said ' Hold hands forward , Narendra gave his hand in the first time '

Now tell me what is the capital of USA ?


Still washington ! Venugopal Ji was shocked . He sat on the chair and began to reverse the geography look pages . He realised his mistake . He looked up at Narendra and smiled

Narendra ! I'm glad you stayed with the truth. This truth will be your biggest power . That Narendra Nath Dutt was the great , eminent Swami Vivekanada . These qualities make him the insipiration for the youth...



**Anugraha Asok XI**

# SOLITUDE



GOWRI S 9D

When one among I be alone
I Look into my thoughts
Among my companions
Among the people.
Where I am,
I am all alone.
In the darkness of night
I am the lonely one.
Dreaming to be with everyone.
In the light of the day,
I feel life everyone avoid me
but still they love me.
In the hurtle and and bustle of life
Everyone is all alone in their life.
It is we ourselves, making
Our day brighter,
Gloomy days have all gene by?
Now the days are shining bright,
The stars of my life are really high
I don't feel now that.
I'm the one who really was alone.
Without me in their life.